# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

## 2017 മാർച്ച് 08, ബുധൻ

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T.2378

### പഞ്ചായത്ത് വകുപ്പിൽ സ്പാർക്ക് മുഖേന ശമ്പളം

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ.ഡി.കെ. മുരളി: | ഡോ. തോമസ് ഐസക്<br>(ബഹു: ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | കേരളത്തിൽ പഞ്ചായത്ത് വകുപ്പിന്റെ കീഴിൽ ജോലി ചെയ്യുന്ന മുഴുവൻ ജീവനക്കാരെയും സ്പാർക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; | കേരളത്തിൽ പഞ്ചായത്ത് വകുപ്പിന്റെ കീഴിൽ ജോലി ചെയ്യുന്ന മുഴുവൻ ജീവനക്കാരെയും സ്പാർക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| (ബി) | ഏതൊക്കെ ഓഫീസുകളാണ് സ്പാർക്ക് മുഖേന ശമ്പളം മാറുന്നതിന് നടപടി സ്വീകരിക്കാത്തത്; | പഞ്ചായത്ത് വകുപ്പിൽ തനത് ഫണ്ട് ഉപയോഗിച്ച് ജീവനക്കാരുടെ ശമ്പളവും മറ്റ് അലവൻസുകളും നൽകി വരുന്ന ഗ്രാമപഞ്ചായത്ത് ഓഫീസുകളിൽ സ്പാർക്ക് മുഖേനയല്ല ശമ്പളം മാറുന്നത്.IKM വികസിപ്പിച്ച സ്ഥാപന സോഫ്റ്റ് വെയർ ആണ് ഉപയോഗിക്കുന്നത്. |
| (സി) | പെർമനന്റ് എംപ്ലോയി നമ്പർ (PEN) രൂപീകരിക്കാത്തതിനാൽ പി.എഫ് തുക മാറി നൽകുന്നതിന് ട്രഷറികൾ വിസമ്മതിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഉണ്ട്. ഗ്രാമ പഞ്ചായത്തുകളിലെ ജീവനക്കാരുടെ പി.എഫ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറേറ്റ് ഓഫീസ് മുഖേനയാണ് മാറി നൽകുന്നത്. ടി ജീവനക്കാരുടെ ബില്ലുകൾ ട്രഷറിയിലേക്ക് ഇ-സബ്മിഷൻ ചെയ്യാൻ സാധിക്കാത്തതിനാൽ ട്രഷറികൾ ബില്ലുകൾ മാറുന്നതിന് വിസമ്മതിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | എങ്കിൽ അത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | ജീവനക്കാർക്ക് പിഎഫ് തുക മാറി നൽകുവാൻ ഉത്തരവാദിത്തപ്പെട്ട പഞ്ചായത്ത് വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ/ഡയറക്ടർ തല ഓഫീസുകളിലെ ഡി.ഡി.ഒ. മാർക്ക് ജീവനക്കാരുടെ PEN generate ചെയ്യുവാനുള്ള സൗകര്യം നിലവിൽ SPARK ൽ ലഭ്യമാണ്. |

Sameema

സെക്ഷൻ ഓഫീസർ